PALAKKAD
Rupatha Bulletin



Editor
Fr. Jaimon Pallineerakkal

Published by
Fr. Joshy Pulikkottil

Bishop's House
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
JIM Offset, Palakkad

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം..................................................02
വിജ്ഞാപനം..................................................07
സർക്കുലർ.................................................... 09
Bishop's Engagement...................................12
From the Bishop's Office..............................13
നിത്യാരാധനാ കപ്പേള....................................16
വിശ്വാസപരിശീലനവേദി..................................17
ബൈബിൾ അപ്പോസ്തലേറ്റ്..............................24
അൾത്താരസംഘം..........................................27
തിരുബാലസഖ്യം............................................28
കെ.സി.വൈ.എം............................................30
മാതൃസംഘം...................................................31
പിതൃസംഘം...................................................31
ഫാമിലി അപ്പോസ്തലേറ്റ്..................................32
കുടുംബകൂട്ടായ്മ..........................................32
കത്തോലിക്കാ കോൺഗ്രസ്സ്...........................34
സി.എൽ.സി.................................................34
സി.എം.എൽ.................................................35
ജീസ്സസ് ഫ്രറ്റേണിറ്റി........................................36
സെഹിയോൻ ധ്യാനകേന്ദ്രം...........................37
പി. എസ്. എസ്. പി.......................................38
കെ.എൽ.എം.................................................40
From the Bishop's Diary................................41



247/2013
27-05-2013

## ഇടയലേഖനം-124

### ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

ഈ നാളുകളിൽ പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് നമ്മുടെ കുട്ടികൾ പ്രവേശിക്കുകയാണ്. ഇതോടൊപ്പം പുതിയ വിശ്വാസപരിശീലനവർഷവും ആരംഭിക്കുകയാണ്. എല്ലാ കുട്ടികൾക്കും പ്രത്യേകിച്ച് ഈ വർഷം പഠനം ആരംഭിക്കുന്ന കുഞ്ഞുമക്കൾക്കും സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ നേരുന്നു. വിശ്വാസ പരിശീലനരംഗത്ത് പ്രത്യേക ചിന്താവിഷയമായി നാം തിരഞ്ഞെടുത്തിരിക്കുന്നത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായം, ആറാം വാക്യമാണ്. “ഈശോ പറഞ്ഞു, ഞാൻ വഴിയും സത്യവും ജീവനുമാണ്.”

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന എല്ലാ വെളിപാടുകളുടെയും സന്ദേശങ്ങളുടെയും സിരാകേന്ദ്രമാണ് താൻ വഴിയും സത്യവും ജീവനുമാണെന്ന ഈശോയുടെ പ്രഖ്യാപനം. താൻ നല്ല ഇടയ നാണ്, ലോകത്തിന്റെ പ്രകാശമാണ് എന്നു തുടങ്ങി ഈശോയുടെ മറ്റ് ആറു സ്വയംവ്യഖ്യാനങ്ങൾ ഈ സുവിശേഷത്തി ലുണ്ട്. അവയേക്കാളെല്ലാം സമഗ്രമാണ് ഈശോയുടെ ഈ പ്രഖ്യാപനം. പലതരത്തിൽ പതറി നിന്നിരുന്ന ആദിമ സഭാ സമൂഹത്തിന് കരുത്തും ദിശാബോധവും പകരുന്നതായിരുന്നു ഈശോയുടെ ഈ വാക്കുകൾ. യഹൂദമതം ഉപേക്ഷിച്ച് ക്രൈസ്തവ രായിത്തീർന്നവർക്ക് ഒട്ടേറെ പ്രശ്നങ്ങൾ നേരിടാനുണ്ടായിരുന്നു. യഹൂദരുടെ പ്രാർത്ഥനാലയങ്ങളിൽ നിന്ന് അവർ പുറന്തള്ളപ്പെട്ടു.

റോമാസാമ്രാജ്യം അവരെ എതിർത്തു. ചുറ്റുപാടും പല ദൈവങ്ങളെ ആരാധിക്കുന്ന വിജാതിയർക്കൊപ്പം അവർക്ക് ജീവിക്കേണ്ടിയിരുന്നു. ഇത്തരം സാഹചര്യത്തിൽ ആദിമ സഭാജീവിതം നങ്കൂരമിട്ടത് ഈശോയുടെ താൻ വഴിയും സത്യവും ജീവനുമാണെന്ന പ്രഖ്യാപനത്തിലാണ്.

ആദിമസഭയുടേതിനു സമാനമായ സാഹചര്യത്തിലൂടെയാണ് നമ്മൾ ഇന്ന് കടന്നുപോകുന്നതും നമ്മുടെ കുട്ടികൾ വളർന്നു വരുന്നതും. പ്രശ്നങ്ങളുണ്ടാകുമ്പോൾ എങ്ങോട്ടുതിരിയണം എന്ന് നിശ്ചയ മില്ലാത്തവരുണ്ട്. പല കാര്യങ്ങളിലും ശരി-തെറ്റുകൾ സ്വയം തീരുമാനിക്കുന്നവരുണ്ട്. ഞായറാഴ്ചത്തെ കുർബ്ബാനയർപ്പണം മുടങ്ങാതിരുന്നാൽ എല്ലാമായി എന്നു കരുതുന്നവരുണ്ട്. ഒരുപാടു മതകർമ്മങ്ങളിൽ പങ്കെടുത്തിട്ടും ദൈവാനുഭവം സിദ്ധിക്കാത്തവരുണ്ട്. ക്രിസ്തു മതി, സഭ വേണ്ട എന്ന ചിന്തിക്കുന്നവരെയും നാം കണ്ടു മുട്ടിയേക്കാം. ലോകംകണ്ട മനുഷ്യസ്നേഹികളിൽ ഒരാൾ മാത്രമാണ് ഈശോ എന്നു വിചാരിക്കുന്നവരുണ്ട്. ഇതാണ് വഴി, ഇതിലേ ചരിക്കുക എന്ന് അനുദിനം നമ്മെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രത്യയ ശാസ്ത്രങ്ങളും മാധ്യമങ്ങളും പ്രസ്ഥാനങ്ങളുമുണ്ട്. നന്നായി വളർത്തിക്കൊണ്ടുവന്ന മക്കൾപോലും കൗമാരപ്രായത്തിൽ ത്തന്നെ ഫലത്തിൽ തങ്ങൾക്ക് കൈമോശം വരുന്നു എന്ന് സങ്കടപ്പെടുന്ന മാതാപിതാക്കളുണ്ട്. ഇത്തരം അനുഭവങ്ങൾ നേരിടുന്നവരോട് ഈശോ സൗമ്യമായും ശക്തമായും പറയുന്നു, “ഞാനാണ് വഴി, ഞാനാണ് സത്യം, ഞാനാണ് ജീവൻ”. എന്താണ് ഈ വാക്കുകളുടെ പൊരുൾ?

നിങ്ങൾ പോകേണ്ട വഴി ഞാൻ വെട്ടിത്തെളിക്കാം; ആ വഴി സഞ്ചരിച്ചാൽ മതി എന്നല്ല ഈശോ പറയുന്നത്. മറിച്ച് ഞാനാണ് വഴി എന്നാണ് അവിടുന്ന് അരുൾ ചെയ്തത്. ഏശയ്യായുടെ പുസ്തകം 30:21-ൽ നാം വായിക്കുന്നുണ്ട്: “നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലെ പോവുക.” ആ പ്രവചനത്തിന്റെ ആത്യന്തികമായ പൂർത്തീകരണമാണ് ഈശോയുടെ വാക്കുകൾ. നാം നിരന്തരം തിരഞ്ഞെടുക്കേണ്ട ജീവിതവഴിയാണ് ഈശോ. അവനാണ് പിതാവിലേക്കുള്ള വഴി (യോഹ.14: 6); അവനാണ് പിതൃഭവനത്തിലേക്കുള്ള, സ്വർഗ്ഗത്തിലേക്കുള്ളവഴി. യേശുവിലൂടെയല്ലാതെ ആർക്കും പിതാവിന്റെ





അടുക്കലേക്കുവരാൻ സാധിക്കുകയില്ല. “ഞാനാണ് വാതിൽ” എന്നതിന് സമാനമായൊരു പ്രയോഗമാണിത്.

യേശുവിൽ വസിക്കുക എന്നുവച്ചാൽ അവിടുത്തെ സ്നേഹത്തിൽ വസിക്കുക എന്നാണർത്ഥം. അവിടുത്തെ സ്നേഹത്തിൽ വസിക്കുന്നവർ അവിടുത്തെ ജീവിതമാതൃക അനുകരിക്കും. അവർ അവിടുത്തെ വഴിയിലൂടെ ചരിക്കും. അതുകൊണ്ടാണ് “അവനിൽ വസിക്കുന്നു എന്നു പറയുന്നവർ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു” എന്ന് വി. യോഹന്നാൻ പഠിപ്പിക്കുന്നത് (1 യോഹ. 2:6). ചുരുക്കത്തിൽ ഈശോയിൽ വസിക്കുന്നവൻ ഈശോയെപ്പോലെ ചിന്തിക്കാൻ തുടങ്ങും; ഈശോയെപ്പോലെ വ്യാപരിക്കും; അവർ ഈശോയെപ്പോലെ സ്നേഹിക്കും; ഈശോയെപ്പോലെ ക്ഷമിക്കും; ഈശോയെപ്പോലെ കരുണ കാണിക്കും. ഈശോയെപ്പോലെ സംസാരിക്കും. ഇതിൽ നാം എപ്പോഴും വിജയിക്കണമെന്നില്ല. പക്ഷേ അതിനുള്ള ആഗ്രഹം നിരന്തരം നമുക്ക് വേണം. അത് നമുക്കില്ലെങ്കിൽ നാം അവിടുത്തെ ശിഷ്യന്മാരാകാൻ ശ്രമിക്കുന്നുപോലുമില്ല എന്നാണർത്ഥം.

നമ്മുടെ കുട്ടികൾ ക്രിസ്തുവിനെ വഴിയായി സ്വീകരിക്കണം. അവനിൽ വളർന്നുവരണം. അതിന് അവരെ സഹായിക്കാൻ അദ്ധ്യാപകരും ക്ലാസ്സുകളും വേണം; പക്ഷേ അതുമാത്രം പോര. ക്ലാസ്സുമുറികളിലും പുറത്തും അവർക്ക് ക്രിസ്തുസാക്ഷികൾ വേണം. കുട്ടികൾ തേടുന്നത് നല്ല അദ്ധ്യാപകരെ മാത്രമല്ല, നല്ല ജീവിതസാക്ഷികളെയുമാണ്. പരസ്പരം കലഹിക്കുന്ന മാതാപിതാക്കൾ കുട്ടികളുടെ മുമ്പിൽ ഹീനമായ എതിർസാക്ഷ്യമാണ് കൊടുക്കുന്നത്. അത് കണ്ടുവളരുന്ന കുട്ടികൾക്ക് ക്രിസ്തുവിനെ ജീവിതവഴിയാക്കാൻ എളുപ്പമല്ല. ക്രിസ്തുവിനെപ്പോലെ വ്യാപരിക്കുകയും ഇടപെടുകയും ചെയ്യുന്ന മാതാ പിതാക്കളും അധ്യാപകരും വൈദികരുമാണ് ഏറ്റവും വിലപ്പെട്ട വിശ്വാസപരിശീലകർ. ഒരു പരിശീലനപരി പാടിയും ഇവർക്കു പകരമാവുകയില്ല.

തുടർന്ന് യേശുപറഞ്ഞു; “ഞാനാണ് സത്യം”. യേശു സത്യം പറയുകയോ വെളിപ്പെടുത്തുകയോ സത്യത്തിന് സാക്ഷ്യം വഹിക്കുകയോ മാത്രമല്ല ചെയ്തത്; മറിച്ച് യേശുതന്നെയാണ് സത്യം. അപ്പോൾ “എന്താണ് സത്യം” എന്ന പീലാത്തോസിന്റെ ചോദ്യത്തിന് (യോഹ. 18:38) ഉത്തരം യേശുവാണ് സത്യം എന്നതാണ്. ചുരുക്കിപറഞ്ഞാൽ

ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് സത്യം. അവിടുന്ന് സ്വയം വെളിപ്പെടുത്തിയത് സ്വപുത്രനായ യേശുവിലൂടെയാണ്. “അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിച്ചു” (ഹെബ്രാ. 1:2) എന്ന വചനത്തിന്റെ അർത്ഥം അതാണല്ലോ. യേശുവിലൂടെ നമുക്ക് ലഭിച്ചത് പിതാവിന്റെ വചനമാണ്. ഈ വചനമാണ് സത്യം (യോഹ. 14:24, 17:17). ഈശോ എന്ന സത്യത്തെ നാം പുല്കുന്നത് ദൈവവചനത്തെ സ്വീകരിക്കുമ്പോഴാണ്.

വിശ്വാസപരിശീലനത്തിന്റെ ഒരു സുപ്രധാന ലക്ഷ്യം ദൈവവചനത്തെ സ്നേഹിക്കാൻ കുട്ടികളെ ശീലിപ്പിക്കലാണ്. സത്യമായ ഈശോയെ അറിഞ്ഞ് സ്വീകരിക്കാനുള്ള പ്രധാനപ്പെട്ട മാർഗ്ഗമാണിത്. ദൈവവചനത്തോട് വലിയ ആഭിമുഖ്യം നമ്മുടെ സഭയിൽ ഇപ്പോഴുണ്ട്. വചനം കേൾക്കാനും പഠിക്കാനും തയാറാകുന്ന അനേകംപേരുണ്ട്. ലോഗോസ് ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുന്ന ലക്ഷക്കണക്കിനു വിശ്വാസികൾ ഇത് ശരിവയ്ക്കുന്നു. വിശ്വാസപരിശീലനംകൊണ്ട് നമ്മുടെ കുട്ടികൾ ആർത്തിയോടെ ദൈവവചനം സ്വീകരിക്കുന്ന സ്ഥിതിയുണ്ടാകണം. നാമോർക്കണം, എസക്കിയേൽ പ്രവാചകനോട് ദൈവം പറയുന്നത് ഈ ചുരുളുകൾ നിവർത്തി വായിക്കുകയെന്നല്ല. മറിച്ച്, “മനുഷ്യ പുത്രാ, ഈ ചുരുളുകൾ ഭക്ഷിക്കുക” (എസ. 3:3) എന്നാണ്. അതായത് ആഹാരം കഴിക്കുന്നതിനുള്ള ആഗ്രഹത്തോടും രുചിയോടും കൂടെ ദൈവവചനം ഉള്ളിലാക്കുവാൻ നാം ഉത്സുകരാകണം.

വീണ്ടും ഈശോ പറഞ്ഞു, “ഞാനാണ് ജീവൻ”. യേശുതന്നെയാണ് ജീവൻ. അപ്പോൾ സത്യത്തെക്കുറിച്ച് എന്നതുപോലെ ഇവിടെയും ചോദ്യം പ്രസക്തമാകുന്നു. എന്താണ് ജീവൻ? യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ മുഴുവൻ ഇതിവൃത്തം ജീവൻ എന്ന ഒറ്റവാക്കിലുണ്ട്. ദൈവം തന്നെയാണ് ജീവൻ. ജീവന്റെ ഉറവിടവും ഇരിപ്പിടവും ദൈവം തന്നെ. ഈ ജീവൻ അവിടുത്തെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവന് ജീവനില്ല. ഞാൻ ഇവയെല്ലാം എഴുതിയത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് അറിയേണ്ടതിനാണ് (1യോഹ. 5:11-13). അതായത് പുത്രനിൽ വിശ്വസിക്കുകയും അവിടുത്തെ വചനം പാലിക്കുകയും ചെയ്യുന്നവരാണ് അവനെ സ്വന്തമാക്കുന്നവർ. അവർക്ക് അവിടുന്ന് നിത്യജീവൻ പ്രദാനം





ചെയ്യുന്നു (യോഹ. 5:24; 6:40; 11, 25-26).

വഴിയും സത്യവും ജീവനുമാണ് ഈശോ. നാം അവിടുത്തെ അപ്രകാരം സ്വീകരിക്കുന്നത്, ഈശോയിലുള്ള നമ്മുടെ വിശ്വാസം നാം പ്രഘോഷിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും അവിടുത്തോട് പ്രാർത്ഥിക്കുകയും ചെയ്യുമ്പോഴാണ് (*വിശ്വാസത്തിന്റെ വാതിൽ*, 9). വഴിയും സത്യവും ജീവനുമായി ഈശോ നമ്മുടെ വചനവേദികളിലും വിശ്വാസപരിശീലനരംഗങ്ങളിലും പ്രഘോഷിക്കപ്പെടണം. വഴിയും സത്യവും ജീവനുമായ ഈശോ നമ്മുടെ കൂദാശാജീവിതത്തിൽ ആഘോഷിക്കപ്പെടണം. വഴിയും സത്യവും ജീവനുമായ ഈശോയിൽ നാം ജീവിക്കണം; ആ ഈശോയോട് നാം പ്രാർത്ഥിക്കുകയും വേണം. അതിനുള്ള വേദിയാണ് വിശ്വാസപരിശീലനക്ലാസ്സുകളും കുടുംബക്കൂട്ടായ്മകളും ഇടവക ജീവിതവും.

വിശ്വാസപരിശീലനരംഗത്ത് നിസ്വാർത്ഥമായ സേവനംചെയ്യുന്ന എല്ലാ വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും മറ്റ് അധ്യാപകർക്കും രൂപതാസമൂഹത്തിന്റെ പേരിൽ ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ വിലപ്പെട്ട സേവനത്തിന് ഈശോ നിങ്ങൾക്ക് പ്രതിഫലം തരട്ടെ. ഈശോയെപോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാനും വഴിയും സത്യവും ജീവനുമായി അവിടുത്തെ സ്വീകരിക്കുവാനും അവിടുന്ന് നമ്മുടെ കുട്ടികളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **2013 ജൂൺ 2-ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

248/2013
27-5-2013

## വിജ്ഞാപനം – 116

# വൈദിക ഭവനം

പ്രായം ചെന്നവരും രോഗികളുമായ നമ്മുടെ രൂപതാ വൈദികരുടെ താമസത്തിനും വിശ്രമത്തിനുമായി പുതിയ വൈദിക ഭവനം പണിയണമെന്നും അതു കഴിയുന്നതും വേഗം തന്നെ പൂർത്തിയാക്കണമെന്നും അഭിപ്രായം ഉണ്ടായതിനാൽ അക്കാര്യം ആലോചനാസമിതികളിൽ ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത സമിതികളിൽ അനുകൂലമായ തീരുമാനം ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ എവിടെ പണിയണമെന്നതിനെപ്പറ്റി പഠിച്ചറിഞ്ഞ് റിപ്പോർട്ട് നൽകുവാൻ ബഹു. അച്ചന്മാരുടെ ഒരു കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി. അവരുടെ അഭിപ്രായവും ഇപ്പോഴത്തെ സൗകര്യങ്ങളും കണക്കിലെടുത്ത് വൈദികഭവനം ആയുർപാലന ആശുപത്രിക്ക് സമീപം പണിയുവാൻ 2010 ഒക്ടോബർ 21 ന് കൂടിയ വൈദികസമിതിയിൽ തീരുമാനമുണ്ടായി.

നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി ശ്രേഷ്ഠമെത്രാപ്പൊലീത്ത രൂപതയിൽ അജപാലന സന്ദർശനം നടത്തിയ 2011 നവംബർ 12-ാം തിയതിയാണ് വൈദികഭവനത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചത്. 2012 മാർച്ച് 6-ന് അതു സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പതിനഞ്ച് മാസങ്ങൾ കൊണ്ട് പണി പൂർത്തിയാക്കുവാൻ സാധിച്ചു എന്നത് ദൈവാനുഗ്രഹം തന്നെയാണ്. "കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാണ്" (സങ്കീ 127.1). കർത്താവ് നമ്മോടുകൂടെ ഭവനം പണിതു; നമ്മുടെ പ്രാർത്ഥനകൾ ശ്രവിച്ചു; നമ്മുടെ പരിശ്രമങ്ങളേയും സഹകരണത്തെയും അനുഗ്രഹിച്ചു. അങ്ങനെ സൗകര്യപ്രദമായ ഒരു ഭവനം പണിയുവാൻ അവിടുന്ന് ഇടവരുത്തി.

പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പ് 2013 ജൂൺ 8-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് നിർവഹിക്കപ്പെടുകയാണ്. അന്ന് രാവിലെ രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം നടക്കുന്നുണ്ട്. ഉച്ചകഴിഞ്ഞ് പ്രസ്തുത കൗൺസിൽ അംഗങ്ങളുടേയും ബഹുമാനപ്പെട്ട വൈദികരുടേയും സന്യസ്ഥ സമൂഹ പ്രതിനിധികളുടേയും ഉപകാരികളുടേയും സാന്നിധ്യത്തിലാണ് വൈദിക ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തുന്നത്. സൗകര്യപ്രമായ ഒരു വൈദികഭവനമെന്നത് അടിയന്തിരാവശ്യമായിരുന്നു. അതാണ് ഇപ്പോൾ നിറവേറപ്പെട്ടിരിക്കുന്നത്. ഈ സദുദ്യമത്തെ വിജയിപ്പിക്കുവാൻ സാമ്പത്തികമായി സഹായിച്ച രൂപതാ വൈദികർക്കും സന്യാസിനിസമൂഹത്തിനും ഇവടകസമൂഹങ്ങൾക്കും ഉദാരമതികളായ വ്യക്തികൾക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

ഇതിന്റെ നിർമ്മാണപ്രവർത്തനം താത്പര്യപൂർവ്വം ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കിയ കോൺട്രാക്ടർ ശ്രീ ആന്റണി തോമസിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും പ്രത്യേക കൃതജ്ഞത അർപ്പിക്കുന്നു.

ഈ ഭവനത്തിൽ മൂന്നു വർഷത്തേക്ക് ശുശ്രൂഷയ്ക്കു വരുന്നത് ക്ലാര സന്യാസിനികളായ രണ്ടു സഹോദരിമാരാണ്. അവരെ ഇതിനായി നിയോഗിക്കുവാൻ സന്മനസ്സു കാണിച്ച പ്രൊവിൻഷ്യാൾ ബഹു. സിസ്റ്റർ ഹിപ്പോലിറ്റയ്ക്കും ആത്മാർത്ഥമായി നന്ദി പറയുന്നു. ഇതിന്റെ ഏറ്റം മുകളിലത്തെ നില വൈദികഭവനത്തിന്റെ പ്രവർത്തനത്തെ തെല്ലും ബാധിക്കാത്തവിധത്തിൽ ആയുർപാലന ആശുപത്രിയുടെ ആവശ്യത്തിനു വേണ്ടികൂടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

രൂപതയിലെ ദൈവജനത്തിനുവേണ്ടി ആരോഗ്യമുണ്ടായിരുന്നിടത്തോളം കാലം അക്ഷീണം അദ്ധ്വാനിച്ച നമ്മുടെ ബഹു. അച്ചന്മാർ അർഹിക്കുന്ന വിശ്രമവും പരിചരണവും ലഭിക്കുന്ന സ്ഥാപനമായി ഈ വൈദികഭവനം മാറട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **2013 ജൂൺ 2 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

Prot. No. 844/2013

# സർക്കുലർ

## മാതാപിതാക്കളും വിശ്വാസപരിശീലനവും

ജൂൺമാസത്തിൽ വിദ്യാർത്ഥിനി വിദ്യാർത്ഥികൾ ഒരു പുതിയ അധ്യയനവർഷത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞല്ലോ. കുട്ടികളുടെ ബൗദ്ധികവളർച്ചയിലും അവർക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിലും ഇന്നു മിക്ക മാതാപിതാക്കന്മാരും വളരെയേറെ ശ്രദ്ധിക്കുന്നുണ്ട്; അതു നല്ലതുമാണ്. ഇതോടൊപ്പം തന്നെ നമ്മുടെ സത്വരശ്രദ്ധ പതിയേണ്ട മേഖലകളാണ് അവരുടെ വിശ്വാസ പരിശീലനവും അദ്ധ്യാത്മികവളർച്ചയും. സാർവ്വത്രികസഭ വിശ്വാസവർഷമാചരിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസം കൈമാറേണ്ടതിന്റെയും വിശ്വാസപരിശീലനം നേടേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് ഈ അദ്ധ്യയന വർഷാരംഭത്തിൽ ചിന്തിക്കുക സമുചിതമാണെന്നു കരുതുന്നു.

പുതുതലമുറയുടെ വിശ്വാസപരിശീലനം സഭയിൽ എത്രമാത്രം ഫലപ്രദമായും കാര്യക്ഷമമമായും നടക്കുന്നുവോ അതനുസരിച്ചായിരിക്കും സഭയുടെ വളർച്ചയും ഭാവിയും. കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനത്തിലും ആദ്ധ്യാത്മിക വളർച്ചയിലും ശ്രദ്ധ കൊടുക്കാൻ നാം പരാജയപ്പെടുമ്പോൾ അവർ വഴിതെററാൻ അതു പലപ്പോഴും കാരണമാകും. തത്ഫലമായി അവരുടെ വിശ്വാസം ക്ഷയിക്കുകയും ധാർമ്മിക അപചയം സംഭവിക്കുകയും ചെയ്യുന്നു.

മാതാപിതാക്കളാണു മക്കളുടെ ആദ്യവിശ്വാസപരിശീലകർ. ഒരു ശിശു ഗർഭസ്ഥമാകുന്ന നിമിഷം മുതൽ മാതാപിതാക്കൾക്ക്, പ്രത്യേകിച്ച് അമ്മയ്ക്ക് ആ ശിശുവിന്റെ വിശ്വാസ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ സാധിക്കും. മാതാപിതാക്കളുടെ അധരങ്ങളിൽ നിന്നു കേൾക്കുന്നവയും മാതൃകവഴി ഗ്രഹിക്കുന്നവയും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. അതിനാൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള സ്ഥാനം വളരെ വലുതാണ്. സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിൽ, മാതാപിതാക്കന്മാർ തങ്ങളുടെ വാക്കുകളും മാതൃകകളും വഴി മക്കൾക്കു വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നു നല്കണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ (LG.11)





ഓർമ്മിപ്പിക്കുന്നു. വിശ്വാസരഹസ്യങ്ങളുടെ പ്രഥമ മുന്നോടികളായ മാതാപിതാക്കന്മാർ, കുട്ടികളെ ചെറുപ്രായത്തിൽത്തന്നെ ആ രഹസ്യങ്ങളിലേക്കു പ്രവേശിപ്പിക്കണം, അവരുടെ ശൈശവത്തിൽ തന്നെ സഭയുടെ ജീവിതവുമായി ബന്ധിപ്പിക്കണം.(CCC2225) എന്നാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്.

വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണു വിശ്വാസപരിശീലനത്തിന് ആരംഭം കുറിക്കപ്പെടേണ്ടതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നുണ്ടെങ്കിലും മാതാപിതാക്കന്മാർ എല്ലാവരും തങ്ങളുടെ ഗൗരവാവഹമായ ഈ ഉത്തരവാദിത്വത്തിൽ വേണ്ടത്ര താത്പര്യം കാട്ടുന്നുണ്ടോയെന്നു സംശയമാണ്. വിശ്വാസം അറിയാനും സ്വീകരിക്കാനും പരിശീലിക്കാനും വിശ്വാസാനുസൃതമായ ജീവിതശൈലി കരുപ്പിടിക്കാനും കുഞ്ഞുങ്ങൾക്കു ക്രൈസ്തവകുടുംബങ്ങളിൽ സൗകര്യമുണ്ടാകേണ്ടതുണ്ട്. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, അതു ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കൽ കൂടിയാണ്. ഇടവകദൈവാലയത്തിലെ ദൈവാരാധനയിലും സൺഡേസ്കൂൾ വിശ്വാസപരിശീലനങ്ങളിലും മറ്റ് ഇടവകപ്രവർത്തനങ്ങളിലും താത്പര്യപൂർവ്വം പങ്കുചേരാനുള്ള ആഗ്രഹവും സഭാശുശ്രൂഷകരോടുള്ള സമ്പർക്കവുമെല്ലാം കുഞ്ഞുങ്ങൾക്കു മാതാപിതാക്കൾ കുടുംബത്തിൽ നല്കുന്ന പ്രോത്സാഹനത്തെ ആശ്രയിച്ചിരിക്കും.

കുഞ്ഞുങ്ങളുടെ വിശ്വാസപരിശീലനരംഗത്തു സൺഡേസ്കൂളുകളുടെ പ്രാധാന്യം ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. ഞായറാഴ്ചയാചരണത്തിന്റെ ഭാഗമായി അവർ വി . കുർബാനയിൽ പങ്കുചേരുകയും ദൈവവചനം ശ്രവിക്കുകയും വിശ്വാസപരിശീലനം നേടുകയും ചെയ്യുന്നു. നമ്മുടെ എല്ലാ ഇടവകകളിലും തന്നെ സൺഡേസ്കൂളുകൾ ഇന്നു വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ കുടുംബത്തിൽ നിന്നു ലഭിക്കുന്ന വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാനത്തിൻമേലുള്ള തുടർപരിശീലനമാണു സൺഡേസ്കൂളുകൾ നല്കുക.

കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള വർദ്ധിച്ച ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണു സീറോമലബാർ സഭാ സിനഡ് വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ ദൗത്യത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു പുസ്തകം തയ്യാറാക്കാൻ സഭയുടെ വിശ്വാസപരിശീലനത്തിനു

വേണ്ടിയുള്ള സിനഡൽ കമ്മീഷനോടാവശ്യപ്പെട്ടത്. ഇതനുസരിച്ചു നടന്ന ചർച്ചകളുടെയും പരിചിന്തനങ്ങളുടെയും അഭിപ്രായക്രോഡീകരണങ്ങളുടെയുമെല്ലാം അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതാണു'മാതാപിതാക്കളും വിശ്വാസപരിശീലനവും' എന്ന ഗ്രന്ഥം. ഉള്ളടക്കത്തിന്റെ സവിശേഷതകൾകൊണ്ട് ഈ ഗ്രന്ഥം ആഗ്രഹിച്ച ലക്ഷ്യം സാധിക്കുന്നുണ്ടെന്നു പറയുന്നതിൽ സന്തോഷമുണ്ട്.

വിശ്വാസപരിശീലനത്തിൽ മാതാപിതാക്കന്മാരുടെ ദൗത്യത്തെക്കുറിച്ചു സമഗ്രമായി പ്രതിപാദിച്ചിരിക്കുന്ന ഈ പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ മാതാപിതാക്കളും വായിച്ചു പഠിച്ചു കുട്ടികളെ പരിശീലിപ്പിക്കുവാൻ ശ്രദ്ധിച്ചാൽ നമ്മുടെ സഭയുടെ വിശ്വാസ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ നാം വിജയിക്കുവാൻ അത് ഇടയാക്കുമെന്നതിൽ സംശയമില്ല. ഈ ഗ്രന്ഥത്തെ മാതാപിതാക്കൾക്കു പരിചയപ്പെടുത്തിക്കൊണ്ട് എല്ലാ ഇടവകകളിലും പ്രബോധനപരിപാടികൾ നടത്താൻ ബഹു വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കുടുംബക്കൂട്ടായ്മകൾ, സൺഡേസ്കൂൾ പി.ടി.എ മീറ്റിങ്ങുകൾ, വിവാഹ ഒരുക്കസെമിനാർ,മാതൃപിതൃസംഘടനകൾ എന്നിവയിലും ഈ ഗ്രന്ഥം പഠനവിഷയമാക്കേണ്ടതാണ്.

വിശ്വാസപരിശീലനരംഗത്തു മാതാപിതാക്കന്മാരുടെ പങ്കാളിത്തം വർദ്ധമാനമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും സഹായകമാകുന്ന ഈ പുസ്തകം എല്ലാ ഭവനങ്ങളിലും എത്തിക്കുവാനും മാതാപിതാക്കന്മാരുടെ വായനക്കും പരിചിന്തനത്തിനും വിഷയീഭവിക്കുന്നതിനുതകുന്ന ക്രമീകരണങ്ങൾ ചെയ്യുവാനും ബഹു. വൈദികരും ഈ രംഗത്തുപ്രവർത്തിക്കുന്ന സിസ്റ്റേഴ്സും അല്മായ സഹോദരന്മാരും ശ്രദ്ധിക്കുമല്ലോ.

നിങ്ങൾക്കെല്ലാവർക്കും ആഗതമാകുന്ന ദുക്റാന തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനാശംസകളും ഞാൻ നേരുന്നു.

മൗണ്ട് സെന്റ് തോമസ് **+ ജോർജ് ആലഞ്ചേരി**
10-05-2013 മേജർ ആർച്ചു ബിഷപ്പ്, സീറോമലബാർ സഭ

NB: ഈ വിജ്ഞാപനം **2013 ജൂൺ 30 -ാം തിയ്യതി** ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.





2013



# BISHOP'S Engagements

**2013 JUNE**

| | | |
|---|---|---|
| 1 | AM | Ernakulam |
| | PM | Cherthala, Muttam Church |
| 2 | PM | Good Shepherd Church, Pothundy |
| 4 - 5 | | KCBC Meeting, POC |
| 6 | | Sehion Retreat Centre, Thavalam |
| 7 | PM | Meeting, Pastoral Centre |
| 8 | AM | Pastoral Council Meeting, Pastoral Centre |
| | PM | Blessing, Priests' Home, Kannadi |
| 9 | AM | St. Peter's Church, Jellippara |
| | PM | St. Joseph's Church, Karara |
| 10 | PM | Meeting, Bishop's House |
| 12 | | Meeting, Bishop's House |
| 13 | AM | Meeting, Bishop's House |
| 15 | AM | Meeting, Pastoral Centre |
| 16 | | St. Antony's Church, Kottayi |
| 17 to July 9 | | Abroad |




**പ്രാർത്ഥനയിൽ സ്മരിക്കാൻ**

ഫാ. സെബാസ്റ്റ്യൻ തയ്യിൽ മരണ വാർഷികം - ജൂൺ 29.

**രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്**

രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽവെച്ച് ജൂൺ 8 ശനിയാഴ്ച രാവിലെ 10.30 ന് ആരംഭിക്കുന്നതാണ്. ഇടവകകളിൽനിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ അതിൽ സംബന്ധിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുക.

**വൈദീക മന്ദിരം വെഞ്ചരിപ്പ്**

ആയുർപാലന ആയുർവേദ ആശുപത്രിക്ക് സമീപത്തായി പണിതീർത്തിരിക്കുന്ന വൈദീകമന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം 2013 ജൂൺ 8 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് അഭിവന്ദ്യപിതാവ് നിർവ്വഹിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് സർക്കുലർ കാണുക.

**പത്രോസിന്റെ കാശ്**

മാർപാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 30-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 2-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനത്തേക്കുള്ള ഇടയലേഖനം പള്ളികളിൽ വായിക്കുകയും ഇടവകകളിൽ മതബോധനദിനാചരണം നടത്തുകയും ചെയ്യേണ്ടതാണ്.

**മാസധ്യാനം**

ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം അതത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നു.

## APPOINTMENT & TRANSFER OF PRIESTS

1. **Rev. Fr. Keetikkal Anto**: Vicar, St. James the Great Church, Dhoni; Director, Christopher ITI, Dhoni; Chaplain, Amala Sadan Convent, Dhoni. (w.e.f. 30.04.2013)





2. **Rev. Fr. Cheruparambil Aneesh CMI** : Vicar, St. Antony's Church, Kozhinjampara; Chaplain, Christina Home, Ellekkad; Santhi Nilayam, Elipara, St. Francis Convent, Karuvapara. (w.e.f. 15.05.2013)
3. **Rev. Fr. Chiriankandath Jojo CMI :** Relieved, Vicar, St. Antony's Church, Kozhinjampara (w.e.f. 15.05.2013)

## Notification

Fr. Jacob Poovathanikunnil, a priest of the eparchy of Palghat, hailing from the parish of St. Thomas, Palakkuzhy has seriously violated ecclesiastical discipline and is therefore suspended from the exercise of all functions of the holy order of priesthood anywhere with effect from 15-05-2013.

Palakkad
14-05-2013

Chancellor
Eparchy of Palghat

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | | |
|---|---|---|
| 1. | ആരോഗ്യപുരം | ശ്രീ. വിൽസൺ കണ്ണാടൻ |
| | | ശ്രീ. ബെനീറ്റോ കുന്നപ്പിള്ളി |
| 2. | ചന്ദ്രനഗർ | ശ്രീ. സെബാസ്റ്റ്യൻ വാളം പറമ്പിൽ |
| | | ശ്രീ. ജോ റോബർട്ട് കഴുവിൽപുര |
| 3. | ചുള്ളിയാംകുളം | ശ്രീ. ജോസഫ് നടുപടവിൽ |
| | | ശ്രീ. അബ്രഹാം വഞ്ചിക്കച്ചാലിൽ |
| 4. | ഇളവംപാടം | ശ്രീ. സണ്ണി വട്ടംകണ്ടത്തിൽ |
| | | ശ്രീ. ഷാജു പുളിക്കൽ |
| 5. | ജോസ്ഗിരി | ശ്രീ. തോമസ് പുതുശ്ശേരിൽ |
| | | ശ്രീ. ജോസഫ് പാറയിൽ |
| 6. | കടമ്പൂർ | ശ്രീ. ജോയി പടിഞ്ഞാറെവീട്ടിൽ |
| | | ശ്രീ. ഷാജി നെടുമ്പുറം |
| 7. | കൈതച്ചിറ | ശ്രീ. കോറകാട്ടിൽ മാർട്ടിൻ |
| | | ശ്രീ. ഒറീത്തായിൽ കുരിയൻ |
| 8. | കഞ്ചിക്കോട് | ശ്രീ. ജോസ് കൊച്ചിക്കാട്ട് |
| | | ശ്രീ. പ്രകാശ് ഫ്രാൻസിസ് ചക്കാലക്കൽ |
| 9. | കാഞ്ഞിരപ്പുഴ | ശ്രീ. സെബാസ്റ്റ്യൻ നമ്പുശ്ശേരി |
| | | ശ്രീ. സജി വാച്ചാപറമ്പിൽ |
| | | ശ്രീ. ജോപ്പൻ കാഞ്ഞിരതിങ്കൽ |
| 10. | കാരാകുറുശ്ശി | ശ്രീ. തോമസ്സ് വെണ്ണമറ്റത്തിൽ |
| | | ശ്രീ. തോമസ് വല്ലയിൽ |

| | | |
|---|---|---|
| 11. | കാരപ്പാടം | ശ്രീ. ജെയിംസ് അടിയാപ്ലാക്കൽ |
| | | ശ്രീ. തോമസ് പെരിമ്പ്രായിൽ |
| 12. | കടമ്പഴിപ്പുറം | ശ്രീ. ബേബി പാണോച്ചിറ |
| | | ശ്രീ. ജോജി അതിരുകുളങ്ങര |
| 13. | കൊഴിഞ്ഞാമ്പാറ | ശ്രീ. O.M.ഡേവിഡ്, P.K വർക്കി |
| 14. | മൂച്ചൻകുണ്ട് | ശ്രീ. ജിസ് മാത്യു അരീപ്പറമ്പിൽ |
| | | ശ്രീ. ജോർജ്ജ് ആഴാത്ത് |
| 15. | മൈലംപ്പുള്ളി | ശ്രീ. ബാബു കരണംകോട്ട് |
| | | ശ്രീ. ജോസ് കൊച്ചുപാലിയത്തു |
| 16. | ഞാറക്കോട് | ശ്രീ. വർഗ്ഗീസ്സ് കാവിളയിൽ |
| | | ശ്രീ. ഷിജി കല്ലുവേലിൽ |
| 17. | ഒലവക്കോട് | ശ്രീ. ജോസഫ് തയ്യിൽ |
| | | ശ്രീ. ജോർജ് പുരയ്ക്കൽ |
| 18. | പാലക്കാട് | ശ്രീ. P.V. ജോസഫ് |
| | | ശ്രീ. C.V. ആന്റണി |
| | | ശ്രീ. C.J. ഷാജി |
| 19. | പാലക്കാട് ടൗൺ | ശ്രീ. ജെയിംസ് അന്തിക്കാട് |
| | | ശ്രീ. ഷിൻസൺ തെക്കത്ത് |
| 20. | പന്തലാംപാടം | ശ്രീ. സീൻ ചെറുനിലം |
| | | ശ്രീ. ബിനു സഖറിയാസ് ചെറുനിലം |
| 21. | പഴമ്പാലക്കോട് | ശ്രീ. ബിജു കൊച്ചുതോപ്പിൽ |
| | | ശ്രീ. ജിലേഷ് വെട്ടിയോട് തടത്തിൽ |
| 22. | പൊമ്പ്ര | ശ്രീ. പിങ്കു ജോസഫ് പടിപുരയ്ക്കൽ |
| | | ശ്രീ. തോമസ് വേലിക്കകത്ത് |
| 23. | പുല്ലിശ്ശേരി | ശ്രീ. തോമസ് പുന്നക്കുഴി |
| | | ശ്രീ. ജോയ് വിഴാമല |
| 24. | രാജഗിരി | ശ്രീ. ജോർജ്ജ് പാലപറമ്പിൽ |
| | | ശ്രീ. തോമസ്സ് കുരിശ്ശിങ്കൽ |
| 25. | ഷോളയൂർ | ശ്രീ. സുരേഷ് വണ്ടബ്രയിൽ |
| | | ശ്രീ. ജെയ്സൻ കുത്തൂരാൻ |
| 26. | താവളം | ശ്രീ. മാത്യു കൊച്ചുപുരയ്ക്കൽ |
| | | ശ്രീ. ഡൊമിനിക് കുഴികണ്ടം |
| 27 | വടക്കൻഞ്ചേരി | ശ്രീ. ഷാജി പടിഞ്ഞാറെമുറിയിൽ |
| | | ശ്രീ. സോണി ഇരുവേലിക്കുന്നേൽ |
| 28. | വാലുപറമ്പ് | ശ്രീ. ജോസഫ് ഇലവുങ്കൽ |
| | | ശ്രീ. ലിജു മാളിയേക്കൽ |
| 29. | വയലൂർ | ശ്രീ. ജോസഫ് പോത്തനാംമുഴി |
| | | ശ്രീ. വർഗ്ഗീസ് കല്ലേമലയിൽ |





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jul-13 | MON | Rev. Fr. Cheniyara Jose |
| 2-Jul-13 | TUE | Rev. Fr. Cheekkapara Joy |
| 3-Jul-13 | WED | Msgr. Chittilapilly Joseph |
| 4-Jul-13 | THU | Rev. Fr. Chothirakottu Peter |
| 5-Jul-13 | FRI | Rev. Fr. Edathala George |
| 6-Jul-13 | SAT | Rev. Fr. Ettonnil Gilbert |
| 8-Jul-13 | MON | Rev. Fr. Ettumanookaran Martin |
| 9-Jul-13 | TUE | Rev. Fr. Kachapilly Joby |
| 10-Jul-13 | WED | Rev. Fr. Kalampadan Martin |
| 11-Jul-13 | THU | Rev. Fr. Kalan Dhanesh |
| 12-Jul-13 | FRI | Rev. Fr. Kalapurakkal Joseph |
| 13-Jul-13 | SAT | Rev. Fr. Kalrickal Shinoj |
| 15-Jul-13 | MON | Rev. Fr. Kallingal Joseph |
| 16-Jul-13 | TUE | Rev. Fr. Kanjirathinkal Renny |
| 17-Jul-13 | WED | Rev. Fr. Kannampadathil Johnson |
| 18-Jul-13 | THU | Rev. Fr. Kannampuzha C. Jose |
| 19-Jul-13 | FRI | Rev. Fr. Karikkattil Ceejo |
| 20-Jul-13 | SAT | Rev. Fr. Keettikkal Anto |
| 22-Jul-13 | MON | Rev. Fr. Kizhakkedath Roy |
| 23-Jul-13 | TUE | Rev. Fr. Kizhakkedath Thom |
| 24-Jul-13 | WED | Rev. Fr. Kochuparambil Jose |
| 25-Jul-13 | THU | Rev. Fr. Kochupurackal Peter |
| 26-Jul-13 | FRI | Rev. Fr. Kodakasseril Jomis |
| 27-Jul-13 | SAT | Rev. Fr. Kolamkanny Justin |
| 29-Jul-13 | MON | Rev. Fr. Kollannur Jaison |
| 30-Jul-13 | TUE | Rev. Fr. Kozhipadan Tony |
| 31-Jul-13 | WED | Rev. Fr. Kulampallil Thomas |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 2-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം (7, 8, 9 വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണ്. 12-ാം ക്ലാസ്സ് കഴിഞ്ഞവരും വരും വർഷങ്ങളിൽ വേദപാഠം പഠിപ്പിക്കാൻ സാധ്യതയുള്ളവരും ഇതിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. രജി.ഫീസ്. 350 രൂപ (തിരുത്ത്: കഴിഞ്ഞബുള്ളറ്റിനിൽ കൊടുത്തിരുന്ന 200 രൂപ എന്നത് 350 രൂപ ആണെന്ന് ശ്രദ്ധിക്കുമല്ലോ).

**പുസ്തകം പരിചയപ്പെടുത്തൽ**

പുതിയ അധ്യാപകർക്കുള്ള പുസ്തക പരിചയപ്പെടുത്തൽ ബി.ടി.സി. യുടെ രണ്ടാംദിനമായ ജൂൺ 8 ശനി 9.30am to 4.00pm വരെയായിരിക്കും. ഈ വർഷം പുതിയ ക്ലാസ്സുകളിലേക്ക് പഠിപ്പിക്കാൻ പോകുന്ന അധ്യാപകർ ശനിയാഴ്ച അതിൽ സംബന്ധിക്കേണ്ടതാണ്. പാസ്റ്റൽ സെന്ററിലായിരിക്കും പുസ്തകം പരിചയപ്പെടുത്തൽ നടത്തുക (3 വർഷത്തിൽ കൂടുതൽ ഒരു ക്ലാസ്സിൽ തന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകർ മറ്റു ക്ലാസ്സുകളിലേക്ക് മാറുന്നത് ഉചിതമായിരിക്കും).

**സ്റ്റാർസ്**

വിശ്വാസപരിശീലനവേദിയിൽ 5-ാം ക്ലാസ്സിൽ ഉന്നത റാങ്കും ഹാജറും നേടി, ഇപ്പോൾ 6-ാം ക്ലാസ്സിൽ പഠിക്കുന്നവരെയാണ് സ്റ്റാർസിലേക്ക് തിരഞ്ഞെടുക്കുന്നത്. ഒരു ഇടവകയിൽനിന്ന് മേൽപ്പറഞ്ഞപ്രകാരം 6-ാം ക്ലാസ്സിൽ,





പത്തോ അതിൽ കുറവോ കുട്ടികളാണുള്ളതെങ്കിൽ ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും എന്ന അനുപാതത്തിലും അതിൽ കൂടുതൽ ആണെങ്കിൽ രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും എന്ന അനുപാതത്തിലും തിരഞ്ഞെടുക്കുന്നു. സ്റ്റാർസിന്റെ അപേക്ഷാ ഫോറം നൽകേണ്ട അവസാന തിയ്യതി ജൂൺ 30 ശനിയാഴ്ചയാണ്.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യഥാർത്ഥ വഴിയും സത്യവും ജീവനുമായ ദൈവം യേശുതന്നെയാണെന്നുള്ള വിശ്വാസത്തിലടിയുറച്ച്, വളരുന്ന തലമുറയെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 13 | ശനി | 9.30 am to4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 06 | ചൊവ്വ | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 09 | വെള്ളി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| സെപ്റ്റം. 14 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 14 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ബുധൻ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂൺ 23 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂൺ 30 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 14 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 21 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 04 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 11 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 18 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 01 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 22 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഒക്ടോ. 20 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 27 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ -2013**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.





**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| സെപ്റ്റ. 15 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 10 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 24 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകങ്ങളും മറ്റും വാങ്ങിയവർ **ജൂൺ 25ന് ഉള്ളിൽ കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു**. അവർക്കുമാത്രമേ കൺസെഷൻ ലഭിക്കുകയുള്ളൂ. കുട്ടികൾക്കുള്ള ബാഗ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

ഈ വിശ്വാസവർഷത്തിൽ വിശ്വാസസ്ഥിതീകരണത്തിനും ഏറ്റുപറയുന്നതിനുമായി രണ്ടാംവത്തിക്കാൻ കൗൺസിലിൽനിന്നും ഉരുത്തിരിഞ്ഞ 16 പ്രമാണരേഖകളെ ആസ്പദമാക്കി 1500 ചോദ്യങ്ങൾ അടങ്ങിയ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് എന്ന പഠനസഹായി തയ്യാറായിരിക്കുന്നു. സാൻജോ ബുക്ക്സ്റ്റാളിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭിക്കുന്നതാണ്.

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ്. ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

**ii. സമ്മാനങ്ങൾ**

മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപവീതം സമ്മാനങ്ങൾ നൽകുന്നതാണ്.

കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.

60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരമൊരുക്കുന്നു.

**iii. രജിസ്ട്രേഷൻ**

വിശ്വാസപരിശീലനവേദി പ്രധാനാദ്ധ്യാപകർവഴി ഇടവകയിലേക്കു നൽകുന്ന ഓരോഗ്രൂപ്പിനും വേണ്ടിയുള്ള നിശ്ചിതഫോം വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ നടത്തുമ്പോൾ 50 രൂപ നല്കേണ്ടതാണ്. തദവസരത്തിൽ 50 രൂപ വിലയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ അടിസ്ഥാനമാക്കി രൂപതാ വിശ്വാസപരിശീലനവേദി തയ്യാറാക്കിയ പഠനസഹായി ലഭിക്കുന്നതാണ്. ആ പഠന സഹായിയുടെ അവസാനത്തെ പേജാണ് പരീക്ഷ എഴുതാനുള്ള ഹാൾ ടിക്കറ്റ്. ഹാൾ ടിക്കറ്റിൽ രജിസ്ട്രേഷൻ നമ്പർ ഉറപ്പാക്കാൻ ശ്രദ്ധിക്കുമല്ലോ.

**iv. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ ശരിയുത്തരം നൽകപ്പെട്ടിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് ചോദ്യപേപ്പറിൽതന്നെ കളർ ചെയ്യുന്ന രീതിയിലുള്ള 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യപേപ്പറാണ് തയ്യാറാക്കുക. കൂടാതെ മൂന്ന് ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും നൽകുന്നതാണ്.

**v. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നവംമ്പർ 9 രണ്ടാം ശനിയാഴ്ച 10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക.





**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 15 ഞായറാണ്.

**ലോഗോസ് ക്വിസ് 2013**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 ആരംഭിച്ച് ജൂലായ് 31ന് അവസാനിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

സ്ഥലംമാറിപോകുന്ന, വിശ്വാസപരിശീലനവേദിയുടെ മതബോധന സെക്രട്ടറിയായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച സി. എൽസ തെരേസ് സി.എം.സി.ക്കും പാസ്റ്ററൽ സെന്ററിലെ മദറായി സേവനമനുഷ്ഠിച്ച സി. ലിസി തേർമഠത്തിനും സാൻജോ ബുക്ക്സ്റ്റാൾ ഇൻചാർജ്ജായി സേവനമനുഷ്ഠിച്ച സി. ബെറ്റി കൂനംപ്ലാവിനും ഹൃദ്യമായ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു. യഥാക്രമം പുതിയതായി ചാർജ്ജേറ്റെടുക്കുന്ന സി. സെറിൻ ആലപ്പാട്ട് സി.എം.സി.ക്കും സി. ആലീസ് പൊറത്തൂരിനും സി. ബേബി കോപ്ലിക്കും ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു.

**മതബോധന സംയുക്ത സമ്മേളനം 2013**

ഈ വർഷത്തിലെ മതബോധന സംയുക്തസമ്മേളനവും പ്രവർത്തനവർഷ ഉദ്ഘാടനവും 2013 മെയ് 25-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററലിൽ വച്ച് നടക്കുകയുണ്ടായി. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ 2013-14 അധ്യായനവർഷത്തിന്റെ ഉദ്ഘാടനം,2012-13 അധ്യായനവർഷത്തിലെ റിപ്പോർട്ടവതരണം, 10,12 ക്ലാസുകളിലെ റാങ്കുജേതാക്കളെ ആദരിക്കൽ, സൺഡേസ്കൂൾ-റഗുലർ സ്കൂൾ സ്കോളർഷിപ്പ് വിജയികൾക്കുള്ള സമ്മാനദാനം, **അടുത്ത വർഷത്തിലേക്കുള്ള കലണ്ടർ, സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ. സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകൾ, തിരുബാലസഖ്യം-അൾത്താരസഖ്യം ഫോം, ടീച്ചേഴ്സ് സർവ്വീസ് ഡാറ്റാകളക്ഷൻ ഫോം, ടീച്ചേഴ്സ് അവർഡ് ഫോം, എസ്.എം.സി.സി. ഇടവകതല ഫോം, സ്റ്റാർസ് രജിസ്ട്രേഷൻ ഫോം, മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് ഫോം, കാററിക്കിസം പുസ്തകങ്ങൾ** എന്നിവ വിതരണം ചെയ്തു. കൂടാതെ പ്രസ്തുത സമ്മേളനത്തിൽ 2013-14 വർഷത്തിലെ കാറ്റിക്കിസം കലണ്ടർ, ഫീദസ് എന്ന സീഡി വേദോപദേശ സംക്ഷേപം, മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

മെഗാക്വിസ് പഠനസഹായി എന്നിവ പ്രകാശനം ചെയ്തു. ഈ വർഷം വിശ്വാസ പരിശീലനം കൂടുതൽ സുഗമമാക്കാനായി അധ്യാപകരിൽ ഒരാളെയോ അല്ലെങ്കിൽ കമ്പ്യൂട്ടറിൽ പ്രാവീണ്യമുള്ള ഒരാളെയോ കമ്പ്യൂട്ടർ ഇൻചാർജായി നിയമിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**രൂപതാ മതബോധന കൗൺസിൽ**

മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 27-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അധ്യയനവർഷത്തെ പ്രവർത്തനപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. ഈ വർഷത്തെ മതബോധനവിഷയമായി **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നത് തീരുമാനിച്ചു. സെമിനാറുകളെക്കുറിച്ചുള്ള ചർച്ചകളുമുണ്ടായിരുന്നു. കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ അംഗങ്ങൾക്കും നന്ദി.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂൺ 29 | ശനി | 10 am to 4 pm | പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ) |
| ജൂലൈ 6 | ശനി | 10am to 4pm | വടക്കഞ്ചേരി മേഖല (ചെറുപുഷ്പം സ്കൂൾ) |
| ജൂലൈ 20 | ശനി | 10am to 4pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 3 | ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2013-2014 അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും ജൂൺ 30ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാന അദ്ധ്യാപകരുടെയും മീറ്റിംഗ് ഏപ്രിൽ 27-ാം തിയ്യതി ശനിയാഴ്ച 2.00pm to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യായനവർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു.





**SUNDAYSCHOOL SCHOLARSHIP RESULT**

| | | | |
|---|---|---|---|
| **Std IV** | | | |
| I | Rona Jose | Agali (Thavalam) | 94 |
| II | Ancy Vinoj | Chulliyamkulam (Ponnamkode) | 89 |
| III | Alfred Benny | Mannarkkad (Mannarkkad) | 87 |
| **Std. VII** | | | |
| I | Namitha George | Mangalam Dam (Mangalam Dam) | 88 |
| II | Jomy Vattakkanayil | Palakkuzhy (Vadakkencherry) | 85 |
| III | Mariya. K Darlin | Kanjikode (Palakkad) | 83 |
| **Std. X** | | | |
| I | Jasmin Pauly | Cathedral (Palakkad) | 78 |
| II | Sofi Sunil | Poonchola (Kanjirapuzha) | 77 |
| III | Sebin Thomas | Thathamangalam (Thathamangalam) | 73 |

**എവർ റോളിംഗ് ട്രോഫി ജേതാക്കൾ**

**സൺഡേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷ**

I സെന്റ് റാഫേൽസ് കത്തീഡ്രൽ സൺഡേസ്കൂൾ, പാലക്കാട്

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2013.

**ലോഗോസ് ക്വിസ് 2013 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരി

ച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2002 ന് ശേഷം ജനിച്ചവർ

B. വിഭാഗം-01-01-1997 നും 31.12.2001 നും ഇടക്ക് ജനിച്ചവർ

C. വിഭാഗം-01-01-1982 നും 31.12.1996 നും ഇടക്ക് ജനിച്ചവർ

D. വിഭാഗം-01-01-1962 നും 31.12.1981 നും ഇടയ്ക്ക് ജനിച്ചവർ.

E. വിഭാഗം-01-01-1949 നും 31-12-1961 നും ഇടയ്ക്ക് ജനിച്ചവർ.

F. വിഭാഗം-31-12-1948 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ www.catechismpalghat.org എന്ന രൂപതാമതബോധന വെബ്സൈറ്റിലെ ലോഗോസ് ക്വിസ് പോർട്ടൽ കാണുക. അല്ലെങ്കിൽ www.logosquiz.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ജൂലായ് 31ന് മുമ്പ് ഓൺലൈൻ രജസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2013 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2013 ജൂലായ് 31 നും ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. ലേവ്യർ 1-14
2. വി. ലൂക്കോസ് 1-12
3. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2013 സെപ്റ്റംബർ 29-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ





സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 5000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

2-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

3-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (576-60=516) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 29-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളു കൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഓരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ
* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ
* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ
* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതലാണ് ആരംഭിക്കുന്നത്. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ? യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30ന് ആയിരിക്കുക.

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.





| | | | |
|---|---|---|---|
| ജൂൺ 15 | ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ജൂൺ 22 | ശനി | 9.30am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 29 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 06 | ശനി | 9.30 am to 4.00 pm | മംഗലംഡാംഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 20 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ആഗസ്റ്റ് 31 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| സെപ്റ്റം.07 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.19 | വ്യാഴം | 9.30 am to4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.20 | വെള്ളി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 12 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



## തിരുബാലസഖ്യം

**പ്രവർത്തന വർഷാരംഭം:**

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ 1-ാം തിയ്യതി മുതൽ ആരംഭിക്കുന്നു. ഈ മാസം തന്നെ രജിസ്ട്രേഷൻ നടത്തി, പുതുതായിച്ചേരുന്ന ഓരോ കുട്ടിയ്ക്കും 5 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടി ഫോം രൂപത മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പുതിയ അധ്യയന വർഷം 2013-2013**

പുതിയ അധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകളും നന്മകളും നേരുന്നു. ഉണ്ണിശോയുടെ കൈപിടിച്ച് സ്കൂളിലേയ്ക്ക് പോകുവാൻ എല്ലാ കുഞ്ഞുങ്ങളും ശ്രദ്ധിക്കണെ. പുതിയ വർഷത്തിൽ പ്രാർത്ഥനയോടുകൂടി കുഞ്ഞുങ്ങളെ സ്കൂളിലേയ്ക്ക് പറഞ്ഞയക്കുവാൻ എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

2013-14 പ്രവർത്തനവർഷത്തിലെ തിരുബാലസംഖ്യ പ്രവർത്തന പരിപാടികൾ യൂണിറ്റിൽ ആനിമേറ്റേഴ്സ് തയ്യാറാക്കുകയും അതനുസരിച്ച് ഓരോ മാസത്തെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു സുകൃത ജപമെങ്കിലും കുട്ടികളെ പഠിപ്പിക്കുകയും പ്രാർത്ഥനാ സമ്മേളനങ്ങൾ മുടങ്ങാതെ നടത്താനും ശ്രദ്ധിക്കുമല്ലോ.

**സ്വാഗതം**

തിരുബാലസഖ്യ സംഘടനയിൽ പുതിയതായി അംഗങ്ങളാകുന്ന എല്ലാ കുഞ്ഞുങ്ങളെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ഈ കുഞ്ഞുങ്ങളെ ഇടവകാതലത്തിലും സംഘടനയിലേക്ക് ആഘോഷമായി സ്വാഗതം ചെയ്യേണ്ടതാണ്.

**തിരുബാലസഖ്യ സെമിനാറുകൾ**

| | സ്ഥലം | ദിവസം | സമയം |
|---|---|---|---|
| 1. | ഒറ്റപ്പാലം ഫോറോന (ഫൊറോന പാരിഷ്ഹാൾ) | 15.0.13 ശനി | 9.30/3.30 |
| 2. | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) | 22.6.13 ശനി | 9.30/3.30 |
| 3. | പൊന്നംങ്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) | 29.6.12 ശനി | 9.30/3.30 |
| 4. | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 6.7.13 ശനി | 9.30/3.30 |
| 5. | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.7.13 ശനി | 9.30/3.30 |
| 6. | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 31.8.13 ശനി | 9.30/3.30 |
| 7. | മണ്ണാർക്കാട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 7.9.13 ശനി | 9.30/3.30 |
| 8. | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) | 19.9.13 വ്യാഴം | 9.30/30 |
| 9. | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.9.13 വെള്ളി | 9.30/3.30 |
| 10. | താവളം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 21.9.13 ശനി | 9.30/3.30 |
| 11. | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) | 18.10.13 ശനി | 9.30/3.30 |





ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**പുതിയ വെബ്സൈറ്റ്**

സംഘടനയെ സംബന്ധിക്കുന്ന വാർത്തകളും ഫോട്ടോകളും കാണുവാൻ സന്ദർശിക്കുക,

**www.holychildhoodpalghat.blogspot.in**

**ആനിമേറ്റേഴ്സ്**

ഫൊറോന ആനിമേറ്റേഴ്സിനെ ഇനിയും തെരഞ്ഞെടുക്കാത്ത ഫൊറോനകളിൽ തെരഞ്ഞെടുപ്പു നടത്തി പേരു വിവരങ്ങൾ രൂപതയിൽ എത്തിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## കെ. സി. വൈ. എം

**ഉണർവ് 2013**

രൂപത സമിതി ഫൊറോന സമതികളെ സന്ദർശിക്കുന്നു. എല്ലാ ഫൊറോനകളിലും ജൂൺ, ജൂലായ് മാസങ്ങളിൽ ഉണർവ് 2013 നടക്കുന്നതാണ്. ഇതിനു മുന്നോടിയായി ഫൊറോനകൾ തങ്ങളുടെ യൂണിറ്റുകൾ സന്ദർശിക്കുകയും യൂണിറ്റിന്റെ അഫിലിയേഷനുകൾ പുതുക്കാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. ഫൊറോന സമിതി സന്ദർശനത്തിനു അനുയോജ്യമായ സമയം രൂപത പ്രസിഡന്റിനെയോ ജനറൽ സെക്രട്ടറിയേയോ അറിയിക്കേണ്ടതാണ്.

**യുവജനദിനാഘോഷം-ജൂലൈ 7**

പാലക്കാട് കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിന്റെ രൂപതാതല യുവജനദിനാഘോഷം വടക്കഞ്ചേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന പള്ളിയിൽ വച്ച് ജൂലൈ 7 ഞായറാഴ്ച സമുചിതമായി ആഘോഷിക്കുന്നു. രാവിലെ 9 ന് പതാക ഉയർത്തലോടെ ആരംഭിക്കുന്ന പരിപാടിയിൽ യുവജനങ്ങൾക്കായുള്ള പ്രത്യേക കുർബ്ബാന, സെമിനാർ, സ്നേഹവിരുന്ന്, എന്നിവ ക്രമീകരിച്ചിരു

ന്നു. അങ്ങയുടെ യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ. രജി. ഫീ ഒരാൾക്ക് 25 രൂപ ആയിരിക്കും.

**കരിയർ ഗൈഡൻസ് സെമിനാർ**

കെ.സി.വൈ.എമ്മും മതബോധനവിഭാഗവും സംയുക്തമായി മെയ് 3 ന് കരിയർ ഗൈഡൻസ് സെമിനാർ നടത്തി. 60-ഓളം പേർ പങ്കെടുത്ത സെമിനാർ ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. കരിയർ ഗുരു ഡോ. എം.എസ്. ജലീൽ ക്ലാസുകൾ നയിച്ചു.

ഫാ. ടോം ജി വടക്കേക്കര ആമുഖ പ്രഭാഷണവും ഫാ. ജോമിസ് കൊടകശ്ശേരി ആശംസാപ്രഭാഷണവും നടത്തി. കെ.സി.വൈ.എം രൂപതാ പ്രസിഡന്റ് ശ്രി. ഷിജു കുര്യൻ സ്വാഗതം ആശംസിച്ച സമ്മേളനത്തിന് സെക്രട്ടറി കുമാരി ക്രിസ്റ്റി മാത്യു നന്ദി പറഞ്ഞു. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും പ്രത്യേകം നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ



## മാതൃസംഘം

**ഈശോ സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു എന്ന വിശ്വാസം**

അമ്മാർ വിശ്വാസപരിശീലകർ

**പഠനം :** വിശ്വാസം : ദൈവകരങ്ങളിൽ ശാന്തമായ്. "ശാന്തമാകുക! ഞാൻ നിന്റെ ദൈവമാണ് എന്നറിയുക".

മാതൃസംഘം ഫോറോറതല ഡിബേറ്റ്. ഫോറോന ഘടകത്തിന്റെ യൂണിറ്റ് സന്ദർശനങ്ങൾ

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ



## പിതൃസംഘം

**നിയമാവലി**

പിതൃസംഘത്തിന്റെ നിയമാവലി ജൂൺ 8-ാം തീയതി നടക്കുന്ന പാസ്റ്ററൽ കൗൺസിലിൽ വെച്ച് പ്രസിദ്ധീകരിക്കുന്നു. ഈ നിയമാവലിയുടെ അടിസ്ഥാനത്തിൽ നമ്മുടെ ഇടവകകളിൽ പിതൃസംഘം യൂണിറ്റുകൾ സ്ഥാപിതമാകട്ടെയെന്ന് ആശംസിക്കുന്നു.





**പാലക്കാട് ഫോറോന**

പാലക്കാട് ഫൊറോനയിലെ ഇടവകകളിൽ ജൂൺ, ജൂലൈ മാസങ്ങളിൽ പിതൃസംഘം യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് താല്പര്യപ്പെടുന്നു. വികാരിയച്ചന്മാർ വേണ്ട താല്പര്യം കാണിക്കുമല്ലോ.

**ഫാ. ജോർജ് തുരുത്തിപള്ളി**
ഡയറക്ടർ



## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാന കോഴ്സ്**

**ജൂൺ** മാസത്തിലെ പ്രീകാനകോഴ്സ് 3,4,5,6 തിയ്യതികളിലും **ജൂലൈ** മാസത്തിലെ പ്രീകാനകോഴ്സ് 1,2,3,4 തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## കുടുംബകൂട്ടായ്മ

പാലക്കാട് രൂപത കുടുംബകൂട്ടായ്മയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമായി 2013 മെയ് 11-ാം തിയ്യതി രാവിലെ 10 മണിക്ക് രൂപത ജനറൽബോഡി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. പ്രാർത്ഥനയോടുകൂടി ആരംഭിച്ച സമ്മേളനം പാലക്കാട് രൂപത മതബോധന ഡയറക്ടർ റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ കുടുംബകൂട്ടായ്മയുടെ ആവശ്യകതയും സാക്ഷ്യവും എന്ന വിഷയത്തെ ആസ്പദമാക്കി പാലക്കാട് രൂപത വികാരി ജനറാൾ ബഹു. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ക്ലാസ്സ് നയിച്ചു. രൂപത ഡയറക്ടർ

റവ. ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി സ്വാഗതം ആശംസിച്ച് ആമുഖപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ. കെ.പി. ലോറൻസ് അദ്ധ്യക്ഷത വഹിച്ചു.

തുടർന്ന് നടന്ന ചർച്ചയിൽ കുടുംബകൂട്ടായ്മ സംവിധാനത്തിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായും ക്രിയാത്മകമായും ചർച്ച ചെയ്തു. പിന്നീട് ഇലക്ഷൻ നടക്കുകയും ഭരണസമിതിയെ രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. അതിനുഷേം നിയുക്ത രൂപത പ്രസിഡന്റ് ശ്രീ.കെ.പി. ലോറൻസ് ചുരുങ്ങിയ വാക്കുകളിൽ ഭാവിയിൽ അടിയന്തരമായി സ്വീകരിക്കേണ്ട കർമ്മപദ്ധതിയെക്കുറിച്ച് സംസാരിക്കുകയും നിയുക്ത ജനറൽ സെക്രട്ടറി ശ്രീ. സെസിൽ കാവനാൽ ജനറൽ ബോഡിയിൽ ചർച്ച ചെയ്ത കാര്യങ്ങളെക്കുറിച്ചും എടുത്തതിരുമാനങ്ങളെക്കുറുച്ചും റിപ്പോർട്ടിംങ്ങ് നടത്തി. തുടർന്ന് മുൻ രൂപത വൈസ്പ്രസിഡന്റ് ശ്രീമതി അഡ്വ. മിനി ഫ്രാൻസീസ് നന്ദി രേഖപ്പെടുത്തി.

**പുതിയ രൂപത ഭാരവാഹികൾ:**

ദൈവജനത്തിന്റെ കരുത്തും കാവലും കരുതലുമായ കുംടുംബകൂട്ടായ്മ സംവിധാനത്തിന് പാലക്കാട് രൂപതയിൽ നേതൃത്വം നൽകേണ്ട നേതൃത്വനിരയെ ജറൽബോഡി തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ. കെ. പി. ലോറൻസ്, മേലാർക്കോട് |
| വൈസ് പ്രസിഡന്റുമാർ: | ശ്രീ. ബെന്നി കളിരൂപ്പറമ്പിൽ, മൈലംപുള്ളി, |
| | : ശ്രീമതി കെച്ചുറണി ഈരോരിക്കൽ, ആലത്തൂർ |
| ജനറൽ സെക്രട്ടറി | : ശ്രീ. സെസീൽ കാവനാൽ, കേരളശ്ശേരി |
| സെക്രട്ടറിമാർ | : ശ്രീ. അനീഷ് പറയ്ക്കൽ, ഷൊർണ്ണൂർ |
| | : ശ്രീമതി റോസിലി ആലപ്പാട്ട്, കൊടുന്തിരപ്പുള്ളി |
| ട്രഷറർ | : ശ്രീ. ബാബു. എം. മാത്യു മാരിങ്ങാത്തേരി, പാലക്കാട് |

സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ജനറൽ ബോഡിയെ, ധന്യമാക്കിയ മുഴുവൻ അംഗങ്ങൾക്കും മുൻകാല നേതാക്കൾക്കും ഹൃദ്യമായ നന്ദി.

പുതിയ ഭരണസമിതിയംഗങ്ങൾ 2013 ജൂൺ 15-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് അഭിവന്ദ്യപിതതാവിനെ ബിഷപ്സ് ഹൗസിൽ സന്ദർശിച്ച് അനുഗ്രഹം വാങ്ങി ഭാവിപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.

**ഒലവക്കോട് ഫൊറോന ജനറൽ ബോഡി**

2013 മെയ് 20-ാം തിയ്യതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ ഒലവക്കോട് ഫൊറോന പള്ളിയിൽ വച്ച് രൂപത ഡയറക്ടർ ഫാ. ജോർജ്ജ് തുരുത്തിപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ഫൊറോന ജനറൽ ബോഡികൂടി. രൂപത വൈസ്പ്രസിഡന്റ് ശ്രീ. ബെന്നി കിളിരൂപ്പറമ്പിൽ,





രൂപത ജനറൽ സെക്രട്ടറി ശ്രീ. സെസിൽ അബ്രാഹം എന്നിവർ പങ്കെടുത്തു. ഫൊറോനയുടെ പുതിയ ഭാരവാഹികളായി താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

**ഭാരവാഹികൾ:**

| | |
|---|---|
| പ്രസിഡന്റ് | : ശ്രീ. ജോസ് മഞ്ഞളി (ഒലവക്കോട്) |
| വൈസ് പ്രസിഡന്റ് | : ശ്രീമതി ബിജി ജോണി (മുണ്ടൂർ) |
| സെക്രട്ടറി | : ശ്രീ. വർഗ്ഗീസ് ഇളം കുന്നപ്പുഴ |
| ജോയിന്റ് സെക്രട്ടറി | : ശ്രീ. ജോസ് വട്ടാമ്പിൽ (പുലാപ്പറ്റ) |
| ട്രഷറർ | : ശ്രീ. ബെന്നി കിളിരൂപ്പറമ്പിൽ (മൈലംപുള്ളി) |

**എക്സിക്യൂട്ടീവ് അംഗങ്ങൾ:**

1. ശ്രീ. തോമസ് ഇലവുംമൂട്ടിൽ (അകമലവാരം)
2. ശ്രീ. ജെയിംസ് ചിങ്ങരത്ത് (മലമ്പുഴ)
3. ശ്രീ. സണ്ണി കണിയാംപടിക്കൽ (മരിയനഗർ)
4. ശ്രീ. ബാബു ചാക്കോ കണിച്ചേരി (ഞാറക്കോട്)
5. ശ്രീ. അഗസ്റ്റ്യൻ കോമ്പേരി (മലമ്പുഴ സൗത്ത്)

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ

## കത്തോലിക്കാ കോൺഗ്രസ്സ്

ഓരോ ഇടവകയിൽനിന്നും സാമൂഹിക പ്രതിബന്ധതയോടെ പ്രവർത്തിക്കാൻ താല്പ്പര്യമുള്ളവരെ AKCC അംഗങ്ങളാക്കാൻ വികാരിയച്ചന്മാർ പേരുകൾ നിർദ്ദേശിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ

## സി. എൽ. സി

പ്രിയ സി.എൽ.സി. അംഗങ്ങളെ,

സംസ്ഥാന സി.എൽ.സിയുടെ 450-ാം വാർഷികത്തോടനുബന്ധിച്ച് വൈപ്പിൻകോട്ട സെമിനാരിയിൽ വെച്ച് മെയ് 3, 4 തിയ്യതികളിൽ സി.എൽ. സി. ദിനാഘോഷം നടത്തുന്നു. നിരവധി വിശുദ്ധരെയും മെത്രാൻമാരെയും

ഒട്ടനവധി സന്യാസസമൂഹങ്ങൾക്കും രൂപം നൽകി ഇന്നും സഭയിൽ സി. എൽ.സി. സജീവസാന്നിധ്യം അറിയിക്കുന്നു. പരി. കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയും വി. ഇഗ്നേഷ്യസിന്റെ ജീവിതമൂല്യങ്ങളും അടിത്തറപാകിയ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

**ദൈവത്തിനു സ്തുതി**
പ്രിയ കുഞ്ഞുമിഷനറിമാരേ,

പുതിയ കർമ്മപദങ്ങളിലേയ്ക്ക് കടക്കാൻ സമയമായി മിഷൻ ചൈതന്യത്തെ ജ്വലിപ്പിച്ച് ദൗത്യം നിർവ്വഹിക്കാൻ പുത്തനുണർവോടെ നാം സജ്ജരാകേണ്ടതുണ്ട്. ഈ വിശ്വാസവർഷത്തിൽ "വിശ്വാസ വഴിയേ വിശുദ്ധിയിലേക്ക്" എന്ന പഠന വിഷയത്തെ ആസ്പദമാക്കിയാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. തുടർന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**തിരഞ്ഞെടുപ്പ്**

ജൂൺ മാസത്തിൽ തന്നെ എല്ലാ ശാഖാ-മേഖലാ തലങ്ങളിലും തിരഞ്ഞെടുപ്പുകൾ നടത്തി ഭാരവാഹികളുടെ അഡ്രസ് ലിസ്റ്റും (പിൻകോഡും ഫോൺനമ്പറും സഹിതം) ജൂലൈ 24 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതാത് മേഖലകളിൽ ഡയറക്ടർമാർ, ആനിമേറ്റർമാർ മാറിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

**രൂപതാ കൗൺസിൽ**

ജൂലൈ 13-ാം തിയതി രണ്ടാം ശനിയാഴ്ച പാലക്കാട് പാസ്ററൽ സെന്ററിൽ വച്ച് രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും നടത്തപ്പെടുന്നു. എല്ലാ ശാഖാ-മേഖലാ ഭാരവാഹികളും ഡയറക്ടേഴ്സും ആനിമേറ്റേഴ്സും കൗൺസിലിൽ പങ്കെടുക്കേണ്ടതാണ്. കൗൺസിലിൽ പങ്കെടുക്കാൻ വരുമ്പോൾ ശാഖാ- മേഖലാ തലങ്ങളിലെ പ്രവർത്തന റിപ്പോർട്ടിന്റെ കോപ്പി അംഗത്വ രജിസ്ട്രേഷൻ ഫോം എന്നിവ കൊണ്ടുവരേണ്ടതാണ്.

**ജൂൺമാസത്തിലെ മറ്റു പ്രവർത്തനങ്ങൾ**

* ശാഖാ തലങ്ങളിൽ പ്രവർത്തന വർഷ ഉദ്ഘാടനം ബൈബിൾ പ്രതിഷ്ഠയോടെ നടത്തുക. കുഞ്ഞേട്ടൻ അനുസ്മരണം നടത്തുക.
* ജൂൺ 9 ഞായർ രൂപതാ രക്ഷാധികാരി ദിനം-നമ്മുടെ രൂപതാ രക്ഷാധി





കാരി അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനുവേണ്ടി പ്രാർത്ഥിക്കുക, ആശംസകൾ അറിയിക്കുക.
* ജൂൺ 16 ഞായർ-സംസ്ഥാന രക്ഷാധികാരി ദിനം സംസ്ഥാന രക്ഷാധികാരി മാർ ജോസഫ് പെരുന്തോട്ടം, സഹരക്ഷാധികാരികളായ റൈററ് റവ. വിൻസെന്റ് സാമുവൽ, റൈറ്റ് റവ.യൂഹന്നാൻ മാർ ക്രിസ്റ്റോസ്റ്റം എന്നീ പിതാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കുക.
* ശാഖകളിൽ ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് മാനുവൽ ബുക്ക് പരിചയപ്പെടുത്തുക
* ശാഖ- മേഖലാ പ്രവർത്തനങ്ങൾക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുക.

**സുകൃതജപം :** "ഈശോയുടെ തിരു-ഹൃദയമേ-ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ."

**പ്രാർത്ഥനാ നിയോഗം :** ഈ വർഷം വിദ്യാരംഭം കുറിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി

കർമ്മവീഥിയിൽ കർമ്മനിരതരാകുവാൻ പ്രാർത്ഥനയോടെ നമുക്കൊരുങ്ങാം.

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ

## ജീസസ് ഫ്രട്ടേണിറ്റി

ജീസസ്സ് ഫ്രട്ടേണിറ്റിയുടെ 17-ാമത് സംസ്ഥാന സമ്മേളനം പാലക്കാട് യുവക്ഷേത്രയിൽ വച്ച് മെയ് 2, 3, 4 തിയ്യതികളിലായി നടത്തപ്പെട്ടു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ആമുഖപ്രഭാഷണം നടത്തി. ജീസസ്സ് ഫ്രട്ടേണിറ്റി ചെയർമാൻ റൈറ്റ്.റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അദ്ധ്യക്ഷനായിരുന്ന സമ്മേളനം രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്തു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സ്ഥാപക പിതാക്കൻമാരായ ഫാ. ഫ്രാൻസിസ്സ് കൊടിയൻ, ഫാ. വർഗ്ഗീസ് കരിപ്പേരി എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.

പ്രഗത്ഭവ്യക്തികളുടെ അറിവും ആത്മീയതയും അനുഭവസമ്പത്തും നിറഞ്ഞുനിൽക്കുന്ന നിരവധി ക്ലാസ്സുകളിലൂടെ ജിസസ്സ് ഫ്രട്ടേണിറ്റിയുടെ ചൈതന്യം മനസ്സിലാക്കുവാനും ഉൾകൊള്ളാനും അതിനെ ഒന്നുകൂടി ഉജ്ജ്വലിപ്പിക്കുവാനും ഈ സമ്മേളനം വഴി സാധ്യമായി.

സമാപനസമ്മേളനം കൂരിയ ബിഷപ്പ് മാർ. ബോസ്കോ പുത്തു

രിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പാലക്കാട് മുനിസിപ്പൽ കൗൺസിലർ ശ്രീമതി. ഫിലോമിന ഒ.ഏ ആശംസകൾ അർപ്പിക്കുകയും സി. മരിയ റോസ് എസ്.എ.ബി.എസ്. ഏവർക്കും നന്ദി പറയുകയും ചെയ്തു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ. പാലക്കാട് സോൺ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂൺ | 02-07 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂൺ | 09-14 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ | 23-28 | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ 30 ജൂലൈ 5 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ജൂൺ 16 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും





ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**ഗവേണിംഗ് ബോഡി മീറ്റിംഗ്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗ് 15.06.2013 ന് ശനിയാഴ്ച കാലത്ത് 11 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

**വാർഷിക ജനറൽ ബോഡി**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ 2013-2016 കാലഘട്ടത്തിലേക്കുള്ള ജനറൽ ബോഡിയുടെ പ്രഥമയോഗം 24.06.2013 ന് ശനിയാഴ്ച കാലത്ത് 10.30 മുതൽ 2 മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്. എക്സ്. ഓഫീഷ്യോ അംഗങ്ങൾക്കുപുറമെ ഓരോ ഫൊറോനയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 2 വൈദികർ, 2 അത്മായർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസ വൈദികരുടെ പ്രതിനിധികൾ, രൂപതയിൽ പ്രവർത്തിക്കുന്ന, എന്നാൽ ഇവിടെ പ്രൊവിൻഷ്യാൽ ഹൗസ് ഇല്ലാത്ത സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികൾ, നോമിനേറ്റഡ് അംഗങ്ങൾ എന്നിവരാണ് പി.എസ്.എസ്.പി. ജനറൽ ബോഡി. പ്രസ്തുതയോഗത്തിൽ വച്ച് 2012-13 സാമ്പത്തിക വർഷത്തെ കണക്കുകളും പ്രവർത്തനങ്ങളും വിലയിരുത്തുന്നതും, 2013-16 കാലഘട്ടത്തിലേക്കുള്ള ഗവേണിംഗ് ബോഡി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമാണ്. 2009-12 കാലഘട്ടത്തിൽ ജനറൽ ബോഡി അംഗങ്ങളായി പ്രവർത്തിച്ചുവന്ന എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ജൂൺ 5 ലോക പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി, പി.എസ്.എസ്.പി.

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ചിറംപാടം വാട്ടർ ഷെഡിൽ വച്ച് പരിസ്ഥിതിദിനാഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു.

**ജലനിധി**

ലക്കിടി പേരൂർ പഞ്ചായത്തിൽ പി.എസ്.എസ്.പി. നടപ്പിലാക്കിവരുന്ന ജലനിധി പ്രോജക്ടിന്റെ ഗുണഭോക്തൃസമിതികൾ രൂപീകരിച്ചു കഴിഞ്ഞു. ജൂൺ മാസത്തിൽ ഗുണഭോക്തൃസർവ്വെ, ലീഡേഴ്സ് ട്രെയിനിംഗ് എന്നിവ നടക്കുന്നതാണ്.

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

ജെ.എസ്.എസ്.പി. യുടെ ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം ജൂൺ 7, 10.30 ന് ഓഫീസിൽ വച്ച് ചേരുന്നതാണ്.

**പുതിയ പ്രോജക്ടുകൾ**

* കാഞ്ഞിരപ്പുഴ, തച്ചനാട്ടുകര, മങ്കര പഞ്ചായത്തുകളിൽ പശ്ചിമഘട്ട നീർത്തട വികസന പ്രവർത്തന പദ്ധതികൾ അടുത്ത 3 വർഷത്തേക്ക് നടപ്പിലാക്കുന്നതിന് പി.എസ്.എസ്.പി.യെ തിരഞ്ഞെടുത്തു. പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. അടങ്കൽ തുക 3.5 കോടി രൂപ.

* പുതിയതായി 300 കൂട്ടുബാദ്ധ്യതാ സംഘങ്ങൾ ആരംഭിക്കുന്നതിന് നബാർഡ് പി.എസ്.എസ്.പി. ക്ക് അനുമതി നല്കിയിരിക്കുന്നു.

**ജില്ലാഫെഡ് മീറ്റിംഗ്**

5-6-2013 ബുധനാഴ്ച കാലത്ത് 11 മണിക്ക് ജില്ലാഫെഡിന്റെ ജൂൺ മാസത്തെ മീറ്റിംഗ് PSSP യിൽ വെച്ച് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.06.2013 | തിങ്കൾ | പാലക്കാട്/മലമ്പുഴ | കഞ്ചിക്കോട് | 11 to 2pm |
| 12.06.2013 | ബുധൻ | മണ്ണാർക്കാട് | കൈതച്ചിറ | 11 to 2pm |
| 13.06.2013 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 11 to 2pm |
| 14.06.2013 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 11 to 4pm |
| 17.06.2013 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11 to 2pm |
| 19.06.2013 | ബുധൻ | നെന്മാറ | പാരീഷ് ഹാൾ | 11 to 2pm |
| 26.06.2013 | ബുധൻ | ആലത്തൂർ | FCCവടക്കഞ്ചേരി | 11 to 2pm |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.06.2013 | തിങ്കൾ | അട്ടപ്പാടി, റീജിയണൽ ഓഫീസ് | 11am to 2pm |
| 18.06.2013 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 11am to 2pm |
| 19.06.2013 | ബുധൻ | നെന്മാറ, പാരീഷ് ഹാൾ | 11am to 2pm |
| 20.06.2013 | വ്യാഴം | കരിമ്പ, പാരീഷ് ഹാൾ | 11am to 2pm |
| 26.06.2013 | ബുധൻ | FCC വടക്കഞ്ചേരി | 11am to 2pm |





**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

## കെ.എൽ.എം. പാലക്കാട്

കേരള ലേബർ മൂവ്മെന്റ് പാലക്കാടിന് പാസ്റ്ററൽ സെന്ററിൽ സ്വന്തമായി ഒരു ഓഫീസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ബഹു. സിസ്റ്റർ സെസിൽ എഫ്.സി.സി.യാണ് പുതിയ കെ.എൽ.എം. ജില്ലാ കോർഡിനേറ്റർ ഓഫീസ് ഫോൺ 8281876395 (ഓഫീസ് സമയത്ത് മാത്രം)

**യൂണിററ് സന്ദർശനങ്ങൾ**

വടക്കഞ്ചേരി, മംഗലംഡാം ഫൊറോനകളിലെ വിവിധ യൂണിററുകളിൽ ജൂൺമാസത്തിലെ ഞായറാഴ്ചകളിൽ ജില്ലാ ടീം സന്ദർശിക്കുന്നതും കെ.എൽ.എം. പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
ഡയറക്ടർ

# From the Bishop's Diary

**2013 ഏപ്രിൽ**

28 – കഞ്ചിക്കോട് ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– മാറാനാത്ത മീഡിയ സെന്ററിൽ സെഹിയോൻ മൊബൈൽ അപ്ലിക്കേഷൻ ഉദ്ഘാടനം ചെയ്തു.

– ജോസ്ഗിരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– വള്ളിയോട് പോളിടെക്നിക്ക് ഗ്രൗണ്ടിൽ നടന്ന അഭിഷേകാഗ്നി കൺവെൻഷനിൽ സംബന്ധിച്ചു.

29 – ഒതുങ്ങോട് സലേഷ്യൻ വൈദീകർ ആരംഭിച്ച സമന്വയ ടെക്നിക്കൽ സെന്റർ ആശീർവ്വദിച്ചു.

– വള്ളിയോട് പോളിടെക്നിക്ക് ഗ്രൗണ്ടിൽ നടന്ന അഭിഷേകാഗ്നി കൺവെൻഷനിൽ സംബന്ധിച്ചു.

30 – അഭിഷേകാഗ്നി കൺവെൻഷനിൽ സംബന്ധിച്ച് സമാപനസന്ദേശം നൽകി.

**2013 മെയ്**

1 – നെന്മാറ ക്രൈസ്റ്റ് ദ കിംഗ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– വള്ളിയോട് സെന്റ് ജോസ്ഫ്സ് ആശുപത്രിയിൽ പുതുതായി നിർമ്മിച്ച ചാപ്പലും വാർഡുകളും വെഞ്ചരിച്ചു.

2 – സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന അർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

– മുണ്ടൂർ യുവക്ഷേത്രയിൽ ജീസ്സസ് ഫ്രറ്റേണറ്റിയുടെ 17-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു.





3 – പാലക്കാട് പബ്ലിക് ലൈബ്രറിയിൽ ശ്രീ. ജോർജ്ജ് ദാസ് രചിച്ച "തമ്പുരാന്റെ അമ്മ" എന്ന നോവലിന്റെ പ്രകാശനകർമ്മത്തോടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

4 – ചിറ്റടി സെന്റ് മേരീസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കഞ്ചിക്കോട് ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസീസ് ഓഫ് അസ്സീസി സന്യാസിനിസമൂഹത്തിലെ രണ്ടു സിസ്റ്റേഴ്സിന്റെ രജതജൂബിലിയോടും രണ്ടുപേരുടെ നിത്യവ്രതവാഗ്ദാനത്തോടും അനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

5 – വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

6 – രൂപതാകാര്യാലയത്തിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

7 – പല്ലിശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ ആർച്ചുബിഷപ്പ് റാഫേൽ ചീന്നാത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ സംബന്ധിച്ചു.

– പുത്തൻചിറ ഇടവകയിൽ ഫാ. പോൾ അമ്പൂക്കൻ, സി. ജാനിസ് സി.എച്ച്.എഫ്. എന്നിവരുടെ മാതാവിന്റെ മൃതദേഹത്തിൽ ഒപ്പീസു പാടി.

8 – പൊൻകണ്ടം സെന്റ് ജോസ്ഫ് ഇടവകയിൽ ബഹു. ഡീക്കൻ ഷാൻ ആലയ്ക്കപ്പറമ്പിൽ സി.എസ്.ടിക്ക് വൈദീകപട്ടം നൽകി.

9 – അരമനയിൽവെച്ച് യുവക്ഷേത്ര ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ചു.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദീകരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

10 – തൃശ്ശൂർ അരമനയിൽ അഭിവന്ദ്യ പിതാക്കന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

– എറണാകുളം പി.വി.എസ്. ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

11 – പാലക്കാട് മേഴ്സികോളേജ് കപ്പേളയിൽ സിസ്റ്റേഴ്സ് എവുലാലിയ, ബോൾഡ്വിൻ, പാരിസ്, ചെൽസസ്, ഹെക്ടർ എന്നിവരുടെ വ്രത വാഗ്ദാന സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

12 – എടത്തനാട്ടുകര സെന്റ് വില്യംസ്ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈ്ഥര്യ ലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കരിമ്പ സി.എം.സി. നോവിഷ്യേറ്റ് ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

13 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

14 – പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ചക്ക സംസ്കരണയൂണിറ്റുകളുടെ ഉദ്ഘാടനസമ്മേളനത്തിൽ കേന്ദ്ര ഭക്ഷ്യവിതരണ മന്ത്രി ശ്രീ. കെ.വി. തോമസിനോടൊപ്പം സംബന്ധിച്ചു.

– ധോണി മരിയൻ റിന്യൂവൽ സെന്ററിൽ അൾത്താരബാലന്മാർക്കുള്ള ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

15 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

16 – സെറാഫിക് പ്രൊവിൻഷൽ ഹൗസിൽ പ്രൊവിൻഷൽ സിനാക്സിസിൽ സംബന്ധിച്ച സിസ്റ്റേഴ്സിനുവേണ്ടി വി. കുർബാനയർപ്പിച്ചു.

17 – എളവംമ്പാടം സെന്റ് തോമസ് ദൈവാലയം സന്ദർശിച്ചു.

18 – പുലാപ്പറ്റ ഹോളിക്രോസ് ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈ്ഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാസംഗമത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

19 – തത്തമംഗലം സെന്റ് മേരീസ് ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈ്ഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കൂർക്കഞ്ചേരിയിൽ ചാരിറ്റി സിസ്റ്റേഴ്സിന്റെ പ്രൊവിൻഷൽ ഹൗസിൽ അസിസ്റ്റന്റ് പ്രൊവിൻഷൽ സി. അംബ്രോസിന്റെ മൃതദേഹസംസ്കാരത്തിന് പ്രധാനകാർമ്മികത്വം വഹിച്ചു.





20 – മൗണ്ട് സെന്റ് തോമസിൽ സമ്മേളനത്തിൽ സംബന്ധിച്ചു.

21 – ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

– എടക്കുന്ന് പ്രീസ്റ്റ് ഹോമും ആലുവ എഫ്.സി.സി. നോവിഷ്യേറ്റ് ഹൗസും സന്ദർശിച്ചു.

22 – മലമ്പുഴയിലെ സ്ഥാപനങ്ങൾ സന്ദർശിച്ചു.

23 – കറകുറ്റിയിലെ ഫ്രാൻസിസ്കൻ കൺവെൻചാൽ ഫാദേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ ഫാ. ജോസഫ് സീലിയ്ക്കുവേണ്ടി അർപ്പിച്ച വി. കുർബാനയിൽ പ്രധാനകാർമ്മികത്വം വഹിച്ചു.

– ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്ന ബഹു. ജോഷി ചക്കാലയ്ക്കലച്ചനെ വീട്ടിൽ സന്ദർശിച്ചു.

24 – പാലക്കാട് കത്തീഡ്രൽ ഇടവകയിൽ എസ്.എഫ്.ഒ. പാലക്കാട് യൂണിറ്റ് അന്ധരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും സഹായവും വിതരണം ചെയ്യുന്നതിനുവേണ്ടി സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്തു.

– വള്ളിയോട് സ്നേഹഭവനിൽ ഫാ. ഫ്രാൻസിസ് കളമ്പാടന്റെ മൃതദേഹത്തിൽ ഒപ്പീസുപാടി.

– അരമനയിൽ സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 – പാസ്റ്ററൽ സെന്ററിൽ മതബോധന സംയുക്തസമ്മേളനം ഉദ്ഘാടനം ചെയ്തു. അവാർഡുകളും സ്കോളർഷിപ്പുകളും വിതരണം ചെയ്തു.

– പാടൂർ ഹോളിക്രോസ് ദൈവാലയത്തിൽ ഇടവകസന്ദർശനം നടത്തി, വി. കുർബാനയർപ്പിച്ചു. പുതുക്കിപ്പണിത സെമിത്തേരിയും കപ്പേളയും വെഞ്ചരിച്ചു.

26 – ഞാറക്കോട് സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ഇടവക സന്ദർശനം നടത്തി കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈ്ഥര്യ ലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കൊടുംന്തിരപ്പിള്ളി വിമലഹൃദയ ദൈവാലയത്തിൽ ഇടവകസന്ദർശനം നടത്തി. ഇടവകയുടെ 10–ാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു, പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.